2024
JUNE
28
FRIDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്ത്യയ്ക്ക് 68 റൺസ് വിജയം; ട്വന്റി20 ലോകകപ്പ് ഫൈനലിൽ

**ഗയാന:** ഇംഗ്ലണ്ടിനെ തകർത്തെറിഞ്ഞ് ട്വന്റി20 ലോകകപ്പ് ഫൈനലിലെത്തി ടീം ഇന്ത്യ. ഇന്ത്യ ഉയർത്തിയ 172 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് 16.4 ഓവറിൽ 103 റൺസെടുത്തു പുറത്തായി. ഇന്ത്യയ്ക്ക് 68 റൺസ് വിജയം. 29ന് രാത്രി എട്ടു മണിക്കു നടക്കുന്ന ഫൈനലിൽ ഇന്ത്യയും ദക്ഷിണാഫ്രിക്കയും ഏറ്റുമുട്ടും. പത്തു വർഷങ്ങൾക്കു ശേഷമാണ് ഇന്ത്യ ട്വന്റി20 ലോകകപ്പ് ഫൈനലിലെത്തുന്നത്. 2014ലെ ഫൈനലിൽ ഇന്ത്യയെ ആറു വിക്കറ്റുകൾക്കു തോൽപിച്ച് ശ്രീലങ്ക കിരീടം നേടിയിരുന്നു. 2007 ലെ ആദ്യ ട്വന്റി20 ലോകകപ്പിലെ ചാംപ്യൻമാരാണ് ഇന്ത്യ.

സ്കോർ: ഇന്ത്യ 20 ഓവറിൽ ഏഴിന് 171. ഇംഗ്ലണ്ട് 16.4 ഓവറിൽ 103. മറുപടി ബാറ്റിങ്ങിൽ സ്പിന്നർമാരായ അക്ഷർ പട്ടേലും കുൽദീപ് യാദവും ചേർന്നാണ് ഇംഗ്ലണ്ട് ബാറ്റിങ് നിരയെ തകർത്തുവിട്ടത്. ഇരുവരും മൂന്നു വിക്കറ്റുകൾ വീതം വീഴ്ത്തി. അക്ഷർ പട്ടേലാണു കളിയിലെ താരം. മറുപടി ബാറ്റിങ്ങിന്റെ ഒരു ഘട്ടത്തിലും ഇംഗ്ലണ്ടിന് തിരിച്ചുവരവിനു സാധ്യതകളില്ലാത്ത വിധം സ്പിന്നർമാർ വരിഞ്ഞു മുറുക്കുകയായിരുന്നു. ഇതോടെ ഇംഗ്ലണ്ട് ചെറിയ സ്കോറിലേക്കു വീണു. 19 പന്തിൽ 25 റൺസെടുത്ത ഹാരി ബ്രൂക്കാണ് ഇംഗ്ലണ്ടിന്റെ ടോപ് സ്കോറർ. ക്യാപ്റ്റൻ ജോസ് ബട്ലർ (15 പന്തിൽ 23), ജോഫ്ര ആർച്ചർ (15 പന്തിൽ 21), ലിയാം ലിവിങ്സ്റ്റൻ (16 പന്തിൽ 11) എന്നിവരും ഇംഗ്ലിഷ് ബാറ്റിങ് നിരയിൽ രണ്ടക്കം കടന്നു.




ഇംഗ്ലണ്ട് ക്യാപ്റ്റൻ ജോസ് ബട്ലറിനെ അക്ഷർ പട്ടേലിന്റെ പന്തിൽ കീപ്പർ ഋഷഭ് പന്ത് ക്യാച്ചെടുത്തു പുറത്താക്കുകയായിരുന്നു. സകോർ 34 ൽ നിൽക്കെ ജസ്പ്രീത് ബുമ്രയുടെ പന്തു നേരിട്ട ഫിൽ സോൾട്ട് ബോൾഡായി. തൊട്ടുപിന്നാലെ ജോണി ബെയർസ്റ്റോ റണ്ണൊന്നുമെടുക്കാതെ മടങ്ങി. അക്ഷർ പട്ടേലിന്റെ പന്തിൽ താരം ബോൾഡാകുകയായിരുന്നു. എട്ടാം ഓവറിൽ അക്ഷർ പട്ടേലിനെ ക്രീസ് വിട്ട് ഇറങ്ങി അടിക്കാൻ ശ്രമിച്ച മൊയീൻ അലിയെ ഋഷഭ് പന്ത് സ്റ്റംപ് ചെയ്തു.

സാം കറൻ, ഹാരി ബ്രൂക്ക്, ക്രിസ് ജോർദാൻ എന്നീ താരങ്ങൾ സ്പിന്നർ കുൽദീപ് യാദവിന്റെ പന്തിലാണു കറങ്ങിവീണത്. ലിയാം ലിവിങ്സ്റ്റൻ റണ്ണൗട്ടായി. ജോഫ്ര ആർച്ചറിന്റെ ചെറുത്തുനിൽപാണ് ഇംഗ്ലിഷ് സ്കോർ 100 കടത്തിയത്. 16 ഓവറിലാണ് ഇംഗ്ലണ്ട് 100 തൊട്ടത്. ഇന്ത്യയ്ക്കായി ജസ്പ്രീത് ബുമ്ര രണ്ടു വിക്കറ്റുകൾ സ്വന്തമാക്കി.

## അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ; ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്, 558.68 കോടിയുടെ സംവിധാനങ്ങൾ




**തിരുവനന്തപുരം:** കോഴിക്കോട് സ്ഥാപിക്കുന്ന ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമാണം നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി വീണാ ജോർജ്. കിഫ്ബി വഴി 558.68 കോടി രൂപ ചെലവിൽ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനു കഴിഞ്ഞ ദിവസം മന്ത്രിസഭാ യോഗം അനുമതി നൽകിയിരുന്നു. അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനാണ് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. അവയവം മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ടുള്ള ചികിത്സ, അധ്യാപനം, പരിശീലനം, ഗവേഷണം, അവയവദാന പ്രവർത്തനങ്ങൾ തുടങ്ങിയവ സാധ്യമാകും. അവയവങ്ങൾക്ക് കേടുപാട് വന്നവരുടെ ചികിത്സ മുതൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും പുനരധിവാസവും വരെയുള്ള സമഗ്ര പരിചരണം സാധ്യമാക്കുന്ന തരത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

കോഴിക്കോട് ചേവായൂരിൽ 20 ഏക്കറിലാണ് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്. 6 നിലകളുള്ള 4 ബ്ലോക്കുകളുണ്ടാകും. 219 ജനറൽ കിടക്കകൾ, 42 പ്രത്യേക വാർഡ് കിടക്കകൾ, 58 ഐസിയു കിടക്കകൾ, 83 എച്ച്ഡിയു കിടക്കകൾ, 16 ഓപ്പറേഷൻ റൂമുകൾ, ഡയാലിസിസ് സെന്റർ, ട്രാൻസ്പ്ലാന്റേഷൻ ഗവേഷണ കേന്ദ്രം എന്നിവയുൾപ്പെടെ 510 കിടക്കകളുള്ള അത്യാധുനിക ആശുപത്രി സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 330 കിടക്കകളും 10 ഓപ്പറേഷൻ തീയറ്ററുകളും രണ്ടാം ഘട്ടത്തിൽ 180 കിടക്കകളും 6 ഓപ്പറേഷൻ തിയറ്ററുകളും സജ്ജമാക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ 14 സ്പെഷ്യാലിറ്റി വിഭാഗങ്ങളും രണ്ടാം ഘട്ടത്തിൽ 7 സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഉണ്ടാകും. അധ്യാപനത്തിലും വലിയ പ്രാധാന്യം നൽകുന്നു. 31 അക്കാദമിക് കോഴ്സുകൾ ആരംഭിക്കുന്നതിനു ലക്ഷ്യം വയ്ക്കുന്നു.

കോർണിയ, വൃക്ക, കരൾ, കുടൽ, പാൻക്രിയാസ്, ഹൃദയം, ശ്വാസകോശം, മജ്ജ, സോഫ്റ്റ് ടിഷ്യു, കൈകൾ, ബോൺ മാറ്റിവയ്ക്കൽ തുടങ്ങിയവയെല്ലാം ഈ സെന്ററിലൂടെ സാധ്യമാകും. സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തിയത്. സർക്കാർ ആശുപത്രികളിലെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിപുലീകരിക്കുന്നതിനും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 2.20 കോടി രൂപ അടുത്തിടെ അനുവദിച്ചിരുന്നു.

# മൊബൈൽ നിരക്ക് വർധിപ്പിക്കാൻ കമ്പനികൾ

**ന്യൂഡൽഹി :** രാജ്യത്ത് മൊബൈൽ നിരക്കു വർധനയ്ക്കു തുടക്കമായി. ഏറ്റവും കൂടുതൽ മൊബൈൽ ഉപയോക്താക്കളുള്ള റിലയൻസ് ജിയോ 12.5% മുതൽ 25% വരെ വർധനയാണു വിവിധ പ്ലാനുകളിൽ വരുത്തിയത്. ജൂലൈ 3 മുതലാണ് പുതിയ നിരക്കു പ്രാബല്യത്തിൽ വരിക. എയർടെലും വോഡഫോൺഐഡിയയും ഉടനെ നിരക്കുവർധന പ്രഖ്യാപിച്ചേക്കുമെന്നാണ് വിവരം.




റിലയൻസ് ജിയോയുടെ 1,559 രൂപയുടെ (24 ജിബി) വാർഷിക പ്ലാൻ ഇനി മുതൽ 1,899 രൂപയായിരിക്കും (വർധന: 340 രൂപ). പ്രതിദിനം 2.5 ജിബിയുള്ള 2,999 രൂപയുടെ പ്ലാൻ 3,599 രൂപയായി (വർധന: 600 രൂപ).

പ്രതിദിനം 2 ജിബിക്ക് മുകളിൽ ഡേറ്റയുള്ള പ്ലാനുകളിലെ 5ജി ഡേറ്റ ഇനി അൺലിമിറ്റഡ് ആയിരിക്കും. ജിയോ ഭാരത്/ജിയോ ഫോൺ ഉപയോക്താക്കൾക്ക് നിലവിലെ പ്ലാനുകൾ തുടരും. ലോക്സഭാ തിരഞ്ഞെടുപ്പിനു പിന്നാലെ നിരക്ക് വർധയുണ്ടാകുമെന്ന് അഭ്യൂഹമുണ്ടായിരുന്നു.

# ബഹിരാകാശ നിലയത്തിനരികെ റഷ്യൻ ഉപഗ്രഹം പൊട്ടിത്തെറിച്ചു

**വാഷിങ്ടൻ:** ഉപേക്ഷിക്കപ്പെട്ട റഷ്യൻ ഉപഗ്രഹം റിസഴ്സ് പി1 നൂറിലേറെ കഷ്ണങ്ങളായി പൊട്ടിത്തെറിച്ചു. രാജ്യാന്തര ബഹിരാകാശ നിലയത്തിനു സമീപത്തുള്ള ഭ്രമണപഥത്തിൽവച്ചായിരുന്നു സംഭവം. ഇതോടെ, നിലയത്തിലെ യുഎസ് ഗഗനചാരികൾ ഒരു മണിക്കൂറോളം പേടകത്തിൽ അഭയം തേടിയതായി നാസ അറിയിച്ചു. ഈ ഭൂനിരീക്ഷണ ഉപഗ്രഹം 2022 ലാണ് ഡീകമ്മിഷൻ ചെയ്തത്. പൊട്ടിത്തെറിയുടെ കാരണം വ്യക്തമല്ല. ബുധനാഴ്ച രാത്രിയും വ്യാഴാഴ്ച പുലർച്ചെയുമായി ഉപഗ്രഹത്തിൽനിന്ന് അവശിഷ്ടങ്ങൾ പുറത്തേക്കു വരുന്നതിന്റെ ദൃശ്യങ്ങൾ യുഎസ് റഡാറുകളിൽ പതിഞ്ഞിട്ടുണ്ട്.



രാജ്യാന്തര ബഹിരാകാശ നിലയം കാലാവധി പൂർത്തിയാക്കുമ്പോൾ തകർത്തുതരിപ്പണമാക്കേണ്ട ചുമതല ഇലോൺ മസ്ക്കിന്റെ സ്പേസ് എക്സ് കമ്പനിക്ക്. 430 ടണ്ണോളം ഭാരം വരുന്ന നിലയത്തെ പസിഫിക് സമുദ്രത്തിലേക്കു തള്ളിയിടാൻ കരുത്തുള്ള വാഹനം കമ്പനി നിർമിക്കും. അടുത്ത പതിറ്റാണ്ടിന്റെ ആദ്യമാണ് ഇതു വേണ്ടിവരിക. ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് തിരിച്ചുവരുമ്പോൾ നിലയത്തിന്റെ വലിയൊരു പങ്കും കത്തിയമരുമെങ്കിലും ബാക്കി ആളപായമുണ്ടാക്കാത്ത വിധം സമുദ്രത്തിൽ വീഴുന്ന തരത്തിലായിരിക്കും ക്രമീകരണമെന്നാണു കരുതുന്നത്. ഇതിനുള്ള ഒരുക്കങ്ങൾക്കായി 7032 കോടി രൂപയുടെ കരാർ ബുധനാഴ്ച പ്രഖ്യാപിച്ചു.

പ്രായമേറുന്നതിനാൽ രാജ്യാന്തര നിലയം 2031 ൽ തിരിച്ചിറക്കുമെന്ന് കഴിഞ്ഞ വർഷം നാസ പ്രഖ്യാപിച്ചിരുന്നു. 1998 ൽ റഷ്യയുടെ പ്രോട്ടോൺ റോക്കറ്റാണ് സ്പേസ് സ്റ്റേഷൻ നിർമാണത്തിനുള്ള ആദ്യ മൊഡ്യൂൾ ബഹിരാകാശത്തെത്തിച്ചത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ജാവ യെസ്ഡി പുതിയ ജാവ 350 പുറത്തിറക്കി

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് ജാവ 350യുടെ പുതിയ ശ്രേണി അവതരിപ്പിച്ചു. അലോയ് വേരിയൻറിൽ വരുന്ന പുതിയ മോഡലിന് 1.99 ലക്ഷം രൂപയാണ് പ്രാരംഭ വില. ഇപ്പോൾ ട്യൂബ്ലെസ് അലോയ് വീലിലും സ്പോക്ക് വീലിലും ജാവ 350 ശ്രേണി ലഭ്യമാണ്. അടുത്തിടെ നിരത്തിലിറക്കിയ ജാവ യെസ്ഡി 350 അതിൻറെ ആവേശകരമായ പ്രകടനംകൊണ്ടും, സവിശേഷ സ്റ്റൈലിങ് കൊണ്ടും മാധ്യമങ്ങളിൽ നിന്ന് വലിയ പ്രശംസ നേടിയിരുന്നു. നീളമേറിയ വീൽബേസിനൊപ്പം ഈ വിഭാഗത്തിലെ ഏറ്റവും മികച്ച 178 എംഎം ഗ്രൗണ്ട് ക്ലിയറൻസാണ് ജാവ 350 ശ്രേണിക്കുള്ളത്.



334 സിസി ലിക്വിഡ്കൂൾഡ് എഞ്ചിനാണ് കരുത്ത്. 6സ്പീഡ് ഗിയർബോക്സ്, ഈ വിഭാഗത്തിലെ ഏറ്റവും മികച്ച ആക്സിലറേഷൻ, ഡ്യുവൽചാനൽ എബിഎസ് സിസ്റ്റം, അസിസ്റ്റ് ആൻഡ് സ്ലിപ്പ് (എ ആൻഡ് എസ്) ക്ലച്ച് സാങ്കേതികവിദ്യ എന്നിവയുമുണ്ട്. 28.2എൻഎം ടോർക്കും 22.5പിഎസ് പവർ ഔട്ട്പുട്ടുമുള്ളതിനാൽ ഏത് റോഡുകൾക്കും അനുയോജ്യവുമാണ്. ഒരു പുതിയ വെള്ള നിറത്തിനൊപ്പം, ഒബ്സിഡിയൻ ബ്ലാക്ക്, ഗ്രേ, ഡീപ് ഫോറസ്റ്റ് എന്നീ നാല് നിറങ്ങളിൽ ജാവ 350യുടെ പുതിയ ശ്രേണി ലഭ്യമാവും. മെറൂൺ, ബ്ലാക്ക് മിസ്റ്റിക് ഓറഞ്ച് എന്നീ നിറങ്ങൾ നേരത്തെ തന്നെ നിലവിലുണ്ട്.

ഒബ്സിഡിയൻ ബ്ലാക്ക്, ഗ്രേ, ഡീപ് ഫോറസ്റ്റ് എന്നീ നിറങ്ങളിൽ വരുന്ന സ്പോക്ക് വീൽ വേരിയൻറിന് 1,98,950 രൂപയും, അലോയ് വീൽ വേരിയൻറിന് 2,08,950 രൂപയുമാണ് ഡൽഹി എക്സ്ഷോറൂം വില. ക്രോംമെറൂൺ, കറുപ്പ്, വെള്ള, മിസ്റ്റിക് ഓറഞ്ച് സ്പോക്ക് വീൽ വേരിയൻറിന് 2,14,950 രൂപയും, ക്രോംമെറൂൺ, കറുപ്പ്, വെള്ള, മിസ്റ്റിക് ഓറഞ്ച് അലോയ് വീൽ ശ്രേണിക്ക് 2,23,950 രൂപയും വിലവരും.

ഉപഭോക്തൃ സംതൃപ്തിക്ക് മുൻഗണന നൽകാനും, ഉപഭോക്താക്കളുടെ വ്യത്യസ്ത മുൻഗണനകൾ നിറവേറ്റാനുമാണ് തങ്ങളുടെ ശ്രമമെന്ന് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സിഇഒ ആശിഷ് സിങ് ജോഷി പറഞ്ഞു. അലോയ്, സ്പോക്ക് വേരിയൻറുകളിൽ കൂടി ജാവ 350 ശ്രേണി അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സാദാൻ കോ ചെയർ ആയി സദഫ് സയീദ്

**കൊച്ചി:** മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദഫ് സയീദ് ഇന്ത്യയിലെ ഏറ്റവും വലുതും ഏറ്റവും കൂടുതൽ കാലമായി പ്രവർത്തിച്ചു വരുന്നതുമായ മൈക്രോഫിനാൻസ് അസോസ്സിയേഷനായ സാദാൻ കോ ചെയർ ആയി നിയമിതനായി. അസോസ്സിയേഷൻറെ 26മത് വാർഷിക പൊതുയോഗമാണ് തെരഞ്ഞെടുപ്പു നടത്തിയത്. മൈക്രോഫിനാൻസ് രംഗത്തിനു നൽകിയ നിർണായക സംഭാവനകളും പ്രതിബദ്ധതയും അംഗീകരിക്കുന്നതാണ് ഈ നിയമനം. റിസർവ് ബാങ്ക് അംഗീകാരമുള്ള സ്വയം നിയന്ത്രണ സ്ഥാപനമായ സാദാൻ മൈക്രോഫിനാൻസ് രംഗത്ത് നിർണായക പങ്കാണ് വഹിക്കുന്നത്. ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സാദാനിൻറെ നിലവിലെ ചെയർപേഴ്സണുമായ കെ. പോൾ തോമസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

രാജ്യത്തെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സേവനം നൽകുന്നതിനും സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനും മൈക്രോഫിനാൻസ് മേഖലയുടെ വികസനത്തിനും വേണ്ടിയുള്ള നീക്കങ്ങളാവും തൻറെ കാലാവധിയിൽ ബോർഡിനോടു സഹകരിച്ചു നടപ്പാക്കുകയെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ സദഫ് സയീദ് പറഞ്ഞു. രാജ്യവ്യാപകമായി 220 അംഗങ്ങളാണ് സാദാനുള്ളത്.

# ആമസോൺ പ്രൈം സച്ച് മേ ടൂ മച്ച് കാംപെയിൻ

**കൊച്ചി:** പ്രൈം മെമ്പർഷിപ്പ് നൽകുന്ന അതുല്യമായ ഓഫറുകൾ അവതരിപ്പിക്കുന്ന സച്ച് മേ ടൂ മച്ച് എന്ന കാംപെയിനിന്റെ രണ്ടാം ഭാഗം ആമസോൺ അവതരിപ്പിച്ചു. ഒരു സിംഗിൾ മെംബർഷിപ്പിലൂടെ വായന, ഗെയിമിംഗ്, സംഗീതം എന്നിവ മുതൽ ഷോപ്പിംഗ്, ഷിപ്പിംഗ്, എന്റർടെയിൻമെന്റ് എന്നിവ വരെയുള്ള ആനുകൂല്യങ്ങൾ എങ്ങനെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു എന്നതാണ് കാംപെയിനിന്റെ ഉദ്ദേശം.ഫ്രീ സെയിം ഡേ ഡെലിവറി, അൺലിമിറ്റഡ് സേവിംഗ്, ബ്ലോക്ക്ബസ്റ്റർ എന്റർടെയിൻമെന്റ്, ആമസോൺ പേയിൽ ഐസിഐസിഐ ക്രെഡിറ്റ് കാർഡിൽ 5% ക്യാഷ്ബാക്ക് എന്നിങ്ങനെയുള്ള അനുകൂല്യങ്ങളെയും എടുത്തുകാട്ടുന്നുണ്ട്.

# വരാപ്പുഴ അതിരൂപത: സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കലിന്റെ മെത്രാഭിഷേകം 30 ന്

**കൊച്ചി:** വരാപ്പുഴ അതിരൂപതയുടെ സഹായമെത്രാനായി നിയോഗിക്കപ്പെട്ട മോൺ. ആന്റണി വാലുങ്കലിന്റെ മെത്രാഭിഷേകം ഈ മാസം 30 ന് നടക്കുമെന്ന് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ദേശീയ തീർത്ഥാടനകേന്ദ്രമായ വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ വെച്ച് വൈകുന്നേരം നാലിനായിരിക്കും ചടങ്ങുകൾ ആരംഭിക്കുക. വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിക്കും. വരാപ്പുഴ അതിരൂപതാ മുൻ മെത്രാപ്പോലീത്ത ഡോ. ഫ്രാൻസിസ് കല്ലറക്കൽ,കോട്ടപ്പുറം രൂപതാ മുൻ മെത്രാൻ ഡോ. ജോസഫ് കാരിക്കശ്ശേരി എന്നിവർ മുഖ്യസഹകാർമ്മികരാകും. കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി അധ്യക്ഷനും കോഴിക്കോടു രൂപതാ മെത്രാനുമായ ഡോ. വർഗീസ് ചക്കാലക്കൽ വചനപ്രഘോഷണം നടത്തും.കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള നിരവധി ബിഷപ്പുമാർ പങ്കെടുക്കും. തുടർന്ന് നടക്കുന്ന അനുമോദന സമ്മേളനത്തിൽ സീറോമലങ്കര മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ ക്ലിമ്മിസ് കാതോലിക്ക ബാവ , സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ഇന്ത്യയിലെ വത്തിക്കാൻ കാര്യാലയം കൗൺസിലർ മോൺ. ജുവാൻ പാബ്ലോ സെറി ലോസ് ഹെർണാൻഡസ് എന്നിവർ പങ്കെടുക്കും. വരാപ്പുഴ അതിരൂപതയുടെ നാലാമത്തെ സഹായ മെത്രാനാണ് ഡോ. ആന്റണി വാലുങ്കൽ



മോൺ. ആന്റണി വാലുങ്കൽ എരൂർ സെന്റ് ജോർജ്ജ് ഇടവകയിൽ പരേതരായ മൈക്കിളിന്റെയും ഫിലോമിനയുടെയും മകനായി 1969 ജൂലൈ 26നാണ് ജനിച്ചത്. 1984 ജൂൺ 17ന് വൈദികപരിശീലനത്തിനായി മൈനർ സെമിനാരിയിൽ പ്രവേശിച്ചു. തുടർന്ന് ആലുവ കാർമ്മൽഗിരി സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രപഠനവും മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 1994 ഏപ്രിൽ 11ന് ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കലിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു.

തുടർന്ന് വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിച്ച മോൺ. ആന്റണി വാലുങ്കൽ മൈനർ സെമിനാരി വൈസ് റെക്ടർ, വിയാനിഹോം സെമിനാരി ഡയറക്ടർ, ജോൺപോൾ ഭവൻ സെമിനാരി ഡയറക്ടർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. കൂടാതെ ആലുവ കാർമ്മൽഗിരി സെമിനാരി സ്പിരിച്ചൽ ഡയറക്ടർ, പ്രൊഫസർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ബാംഗ്ലൂരിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പിരിച്ചാലിറ്റിയിൽ നിന്നും ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും പിന്നീട് ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഡോക്ടറേറ്റും കരസ്ഥമാക്കി. 2021 മുതൽ വല്ലാർപാടം ബസലിക്കാ റെക്ടറായി സേവനം അനുഷ്ഠിച്ചു വരുന്നതിനിടയിലാണ് അതിരൂപതാ സഹായമെത്രാനായി നിയമിതനായത്.

# യുവാക്കൾക്ക് നൈപുണ്യ പദ്ധതിയുമായി നാസ്കോം

nasscom foundation

**കൊച്ചി:** രാജ്യത്തെ സോഫ്റ്റ്‌വെയർ, സർവ്വീസ് സ്ഥാപനങ്ങളുടെ കൂട്ടായ്മയായ നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ്‌വെയർ ആൻഡ് സർവീസ് (നാസ്കോം )ന്റെ കീഴിലെ നാസ്കോം ഫൗണ്ടേഷനും നാസ്കോം എസ് എം ഇ കൗൺസിലും ചേർന്ന് പാർശ്വവൽക്കരിക്കപ്പെട്ട യുവതി യുവാക്കൾക്കായി നൈപുണ്യ പദ്ധതി നടപ്പിലാക്കുന്നു.

ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സി എസ് ആർ ഫണ്ട് ഉപയോഗിച്ച് നൈപുണ്യത്തിനും തൊഴിലവസരത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി എം എസ് എം ഇ ദിനത്തിൽ നാസ്കോം ഫൗണ്ടേഷൻ ആരംഭിക്കുന്ന സംരംഭമാണിത്. ആദ്യപടിയായി തിരുവനന്തപുരം,ഡൽഹി, കർണാടകയിലെ ധാർവാഡ് ജില്ലയിലെ ഹൂബ്ലി എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കുക. ആദ്യ ബാച്ചിലെ 120 വിദ്യാർത്ഥികളിൽ 40 പേരും തിരുവനന്തപുരത്തു നിന്നാണ്. ആകെയുള്ളവരിൽ 60% വനിതകളാണെന്നതും ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്. പൈത്തൺ, ഡാറ്റ അനലിറ്റിക്സ് എന്നിവയുൾപ്പെടെ വളർന്നുവരുന്ന സാങ്കേതികവിദ്യകളിലെ ഹ്രസ്വകാല കോഴ്സുകൾ, സമഗ്ര വ്യക്തിത്വ വികസനം, പ്രമുഖർ നയിക്കുന്ന മെന്ററിംഗ് സെഷനുകൾ, ഫ്യൂച്ചർ സ്കിൽസ് പ്രേം വഴിയുള്ള വ്യവസായ അംഗീകൃത സർട്ടിഫിക്കേഷനുകൾ, തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കൽ തുടങ്ങിയ സമഗ്ര പരിശീലന പരിപാടികൾ ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിജയകരമായി പരിശീലനം പൂർത്തിയാക്കി 50 ശതമാനം വൈദഗ്ധ്യമുള്ള വിദ്യാർത്ഥികൾക്ക് സാങ്കേതിക മേഖലകളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുമെന്ന് ഫൗണ്ടേഷൻ അധികൃതർ വ്യക്തമാക്കി.നാസ്കോം എസ് എം ഇ കൗൺസിൽ ചെയർമാനും ഇന്റഗ്ര സ്ഥാപകനും എംഡിയും സിഇഒയുമായ ശ്രീറാം സുബ്രഹ്മണ്യം, നാസ്കോം എസ് എം ഇ കൗൺസിൽ വൈസ് ചെയർമാനും നെറ്റ്‌വെബ് സോഫ്റ്റ്‌വെയർ സി ഇ ഒ മൗലിദ് ബൻസാലി, ഒ എച്ച് ഐ, സി ഇ ഒ പ്രിയങ്കർ ബൈദ്, ഇൻ ആപ്പ് സഹ സ്ഥാപകനും സിഇഒയുമായ വിജയകുമാർ, ട്രെൻസർ സഹ സ്ഥാപകനും സിഇ ഓയുമായ ജയചന്ദ്രൻ നായർ, എക്സ് എസ് സിഎ ഡി ഡയറക്ടർ അമിത് ഷാ, ഐഡി എസ് ഇൻഫോടെക് സ്ഥാപകനും സിഇഒയുമായ പ്രതാപ് അഗർവാൾ എന്നിവരാണ് എന്നിവരാണ് പരിപാടിക്ക് നേതൃത്വം നൽകുന്നത്. ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ രാജ്യത്തിൻറെ മറ്റു പ്രദേശങ്ങളിലേക്കും നൈപുണ്യ പദ്ധതി ആരംഭിക്കുമെന്നും ഇവർ അറിയിച്ചു.

# ടീം മാർക്ക്സ്മാൻ എക്സലൻസ് അവാർഡ് കീർത്തിലാൽസിന്

**കൊച്ചി:** മുൻനിര ജ്വല്ലറി ബ്രാൻഡായ കീർത്തിലാൽസിന് 2024 2025ലെ ടീം മാർക്ക്സ്മാൻ വർക്ക്പ്ലേസ് എക്സലൻസ് അവാർഡ്. ന്യൂഡൽഹിയിലെ ഹയാത്ത് റീജൻസിയിൽ നടന്ന ചടങ്ങിൽ ടീം മാർക്ക്സ്മാൻ സഹസ്ഥാപകനും സിഇയുമായ രാജേഷ് ഖുബ്ചന്ദാനി, സഹസ്ഥാപകൻ ശരദ് ഗുപ്ത എന്നിവരുടെ സാന്നിധ്യത്തിൽ മുൻ പാർലമെന്റംഗം ജയപ്രദ കീർത്തിലാൽസിന്റെ റീട്ടെയിൽ സെയിൽസ് ആൻഡ് ഓപ്പറേഷൻസ് വൈസ് പ്രസിഡന്റ് മുത്തുകുമാറിന് അവാർഡ് സമ്മാനിച്ചു. തൊഴിൽ മേഖലയിലെ അംഗീകാരങ്ങളുടെ രംഗത്തെ സംബന്ധിച്ച പ്രമുഖ സ്ഥാപനമായ ടീം മാർക്ക്സ്മാൻ, ഈ രംഗത്ത് മികവ് പുലർത്തുന്ന സ്ഥാപനങ്ങൾക്ക നൽകി വരുന്നതാണ് ടീം മാർക്ക്സ്മാൻ വർക്ക്പ്ലേസ് എക്സലൻസ് അവാർഡുകൾ.



സൊസൈറ്റി ടുഡേ
SOCIETY TODAY



# മാധ്യമപ്രവർത്തകർ വിശ്വാസ്യത വീണ്ടെടുക്കണം : എൻ.എസ്. മാധവൻ

**കൊച്ചി:** ആത്മാർഥതയും വിശ്വാസ്യതയും കൈവിട്ടുപോയ കാലഘട്ടത്തിലൂടെയാണ് മാധ്യമ പ്രവർത്തനം കടന്നുപോകുന്നതെന്നും ഇവ വീണ്ടെടുക്കാൻ മാധ്യമപ്രവർത്തകർ ശ്രമിക്കണമെന്നും പ്രമുഖ സാഹിത്യകാരൻ എൻ. എസ്. മാധവൻ. മുഖ്യവാർത്തകളാകുന്ന പ്രധാന വിഷയങ്ങൾ പലതും ഒരു പരിധി കഴിഞ്ഞാൽ മൃദു വാർത്തകളായി മാറുന്ന രീതിയാണ് നിലവിൽ മാധ്യമങ്ങൾ സ്വീകരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എറണാകുളം പ്രസ്ക്ലബിന്റെ സി.വി. പാപ്പച്ചൻ സ്മാരക മാധ്യമ പുരസ്കാര ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എൻ.എസ്. മാധവൻ.

എറണാകുളം പ്രസ്ക്ലബിൽ നടന്ന ചടങ്ങിൽ മുതിർന്ന മാധ്യമ പ്രവർത്തകൻ കെ.എസ്. മൊഹിയുദ്ദീൻ സി.വി. പാപ്പച്ചൻ അനുസ്മരണ പ്രഭാഷണം നടത്തി. മാതൃഭൂമി ന്യൂസ് കൊച്ചി റിപ്പോർട്ടർ റിയ ബേബി 20,000 രൂപയും പ്രശസ്തിപത്രവും മെമന്റോയും അടങ്ങുന്ന പുരസ്കാരം എൻ. എസ്. മാധവനിൽനിന്ന് ഏറ്റു വാങ്ങി. കാട്ടാന ആക്രമണത്തിൽ മരിച്ച മാതൃഭൂമി ന്യൂസ് പാലക്കാട് കാമറാമാൻ എ.വി. മുകേഷിനു വേണ്ടി ജൂറിയുടെ പ്രത്യേക ആദരം 10,000 രൂപയും മെമന്റോയും മുകേഷിന്റെ ഭാര്യ ടിഷ ഏറ്റുവാങ്ങി. പ്രസ്ക്ലബ് പ്രസിഡന്റ് എം.ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. റിയ ബേബിയും ടിഷ മുകേഷും മറുപടി പ്രസംഗം നടത്തി. പ്രസ്ക്ലബ് സെക്രട്ടറി എം. സൂഫി മുഹമ്മദ് സ്വാഗതം പറഞ്ഞു. സി.വി പാപ്പച്ചന്റെ കുടുംബാംഗങ്ങൾ, മുതിർന്ന മാധ്യമ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.




# സ്പെഷ്യൽമസാലകൾ വിപണിയിലിറക്കി പെപെ

**കൊച്ചി:**ബാർബിക്യൂ ഉൽപ്പന്ന രംഗത്തെ മുൻനിര കമ്പനിയായ പെപെ ബിബിക്യൂ ചാർക്കോൾ ആറിനം സ്പെഷ്യാലിറ്റി മസാലകൾ വിപണിയിലിറക്കി. ചിക്കൻ 65, നൂഡിൽസ്, ഗോബി മഞ്ചൂരിയൻ, ഫിഷ് പെപ്പർ, ബട്ടർ ചിക്കൻ, ചിക്കൻ ടിക്ക എന്നീ മസാലകളാണ് വിപണിയിലെത്തിയത്. കൊച്ചിയിൽ നടന്ന ചടങ്ങിൽ എവിഎ ഗ്രൂപ്പ് ചെയർമാൻ ഡോ. എ വി അനൂപ് വിപണനോദ്ഘാടനം നിർവഹിച്ചു. പെപെ ബാർബിക്യൂ മാനേജിംഗ് ഡയറക്ടർ ഷോൺ ജോർജ് ജോസഫ്, ജനറൽ മാനേജർ ദിനിൽ, റീടെയിൽ മാനേജർ ക്ലിയോ, വി.ബി. സെക്രട്ടറി സുധീഷ്, വിജയീ ഭവ സംരംഭക കൂട്ടായ്മയുടെ ഭാരവാഹികളായ രാജീവ് മന്ത്ര, വൈസ് പ്രസിഡന്റ് നിബി, ട്രഷറർ രാജി തുടങ്ങിയവർ പങ്കെടുത്തു. വൈകാതെ മറ്റ് ആറിനം സ്പെഷ്യാലിറ്റി മസാലകൾ കൂടി വിപണിയിലെത്തിക്കുമെന്ന് പെപെ ബാർബിക്യൂ. മാനേജിംഗ് ഡയറക്ടർ ഷോൺ ജോർജ് ജോസഫ് പറഞ്ഞു. നിലവിൽ അഞ്ചിനം ബാർബിക്യൂ മസാലകൾ, ചാർക്കോൾ, ഗ്രിൽ, മറ്റ് ബാർബിക്യൂ. ആക്സസറികൾ എന്നിവയാണ് പെപെ ബ്രാൻഡിൽ വിപണിയിലുള്ളത്.

# മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കണം

**കൊച്ചി:** ട്രോളിംഗ് നിരോധനത്തിൻറെയും രൂക്ഷമാകുന്ന കടൽക്ഷോഭങ്ങളുടെയും പശ്ചാത്തലത്തിൽ വറുതിയിലായ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ ഉൾപ്പെടെയുള്ള അതിജീവന മാർഗ്ഗത്തിനായുള്ള ആനുകൂല്യ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളണമെന്ന് കേരള ലാറ്റിൻ കാത്തലിക് കൗൺസിൽ ആവശ്യപ്പെട്ടു.

ക്ഷേമപെൻഷൻവരെ കഴിഞ്ഞ കുറെക്കാലമായി മുടങ്ങിയിരിക്കുന്ന പശ്ചാത്തലത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് മത്സ്യത്തൊഴിലാളികൾ കടന്നുപോകുന്നതെന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വെറും നോക്കുകുത്തിയായി മാറിയിരിക്കുകയാണെന്നും ലാറ്റിൻ കാത്തലിക് കൗൺസിൽ ചൂണ്ടിക്കാട്ടി. സംസ്ഥാനത്തിൻറെ സാമ്പത്തിക മേഖലയുടെ നട്ടെല്ലായി നിൽക്കുന്ന മത്സ്യത്തൊഴിലാളികളോട് അർഹമായ അനുഭാവ നിലപാട് സർക്കാർ കൈക്കൊള്ളണമെന്നും കെ എൽ സി സി ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡൻറ് ഇ ആർ ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ ജന. സെക്രട്ടറി വി ജെ പൈലി, സ്റ്റാൻലി പൗലോസ്, ജോസഫ് വെളിവിൽ, ഇഗ്നേഷ്യസ് റോബർട്ട്, ആൻറണി മുക്കത്ത്, തോമസ് പ്ലാശ്ശേരി, ജയ്സൺ വേലിക്കകത്ത്, ലോനൻ ജോയ്, ജോസഫ് സയൺ,സി എ ജേക്കബ് തുടങ്ങിയവർ സംസാരിച്ചു., എന്നിവർ പ്രസംഗിച്ചു.

# 4ജി, 5ജി റേഡിയോ നെറ്റ് വർക്ക്: വിയും സാംസങും സഹകരിക്കും

**കൊച്ചി:** മുൻനിര ടെലികോം സേവനദാതാവായ വി 4ജി, 5ജി സജ്ജീകരിക്കാനായി സാംസങിൻറെ വെർച്വലൈസ്ഡ് റേഡിയോ അക്സസ് നെറ്റ് വർക്ക് പോലുള്ള പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തും.

ചെന്നൈയിലെ നെറ്റ്വർക്ക് പരീക്ഷണങ്ങളുടെ ഭാഗമായി കഴിഞ്ഞ 1218 മാസങ്ങളായി ഇതുപയോഗിച്ചു വരുന്നുണ്ട്. മികച്ച പ്രകടനത്തെ തുടർന്ന് കർണാടക, ബീഹാർ സർക്കിളുകളിലേക്കും ഇതു വ്യാപിപ്പിച്ചിട്ടുണ്ട്. ഇതോടു കൂടി ചെന്നൈ, കർണാടക, ബിഹാർ എന്നീ മൂന്നു സർക്കിളുകളിലും 5ജി അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ പാലിക്കാനുമായിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് കൂടുതൽ മികച്ച സേവനങ്ങൾ ലഭ്യമാക്കുന്ന പുതുതലമുറാ റേഡിയോ സേവനങ്ങൾ അവതരിപ്പിക്കുന്നത് ഈ രംഗത്തെ തങ്ങളുടെ മുൻതൂക്കമാണ് സൂചിപ്പിക്കുന്നതെന്ന് വോഡഫോൺ ഐഡിയ ലിമിറ്റഡ് ചീഫ് ടെക്നിക്കൽ ഓഫീസർ ജഗ്ബീർ സിങ് പറഞ്ഞു.



# ‘വരാഹം‘ പ്രത്യേക ടീസർ റിലീസായി




സൂപ്പർ സ്റ്റാർ സുരേഷ് ഗോപിയുടെ ജന്മദിനാഘോഷത്തോടനുബന്ധിച്ച് ‘വരാഹം‘ എന്ന ചിത്രത്തിന്റെ പ്രത്യേക ടീസർ റിലീസായി.സുരേഷ് ഗോപി,സുരജ് വെഞ്ഞാറമൂട്,ഗൗതം വാസുദേവ് മേനോൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സനൽ വി ദേവൻസംവിധാനം ചെയ്യുന്ന ചിത്രമാണ് ‘വരാഹം‘ .നവ്യ നായർ, പ്രാഞ്ചി ടെഹ് ലാൻ, ശ്രീജിത്ത് രവി,സന്തോഷ് കീഴാറ്റൂർ,സാദ്ദിഖ്,സരയു തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.മാവെറിക് മൂവീസ് പ്രൈവറ്റ് ലിമിറ്റഡ്,സഞ്ജയ്പടിയൂർ എന്റർടൈൻമെന്റ്സുമായി സഹകരിച്ച് വിനീത് ജെയിൻ,സഞ്ജയ്പടിയൂർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന സുരേഷ് ഗോപിയുടെ ഇരുന്നൂറ്റിയമ്പത്തിയഴാമത്തെ ചിത്രമാണിത്.മലയാള ചലച്ചിത്രരംഗത്ത് പുതിയൊരു നിർമ്മാണ കമ്പനി കൂടി വരുകയാണ്.മുംബൈആസ്ഥാനമായിട്ടുള്ള മാവെറിക് മൂവീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ആദ്യ സിനിമയാണ് സുരേഷ് ഗോപിയുടെ ഈ ബ്രഹ്മാണ്ഡ ചിത്രം.പ്രൊഡക്ഷൻ കൺട്രോളർ സഞ്ജയ് പടിയൂർ ആദ്യമായി നിർമ്മിക്കുന്ന ചിത്രം കൂടിയാണിത്.‘കുഞ്ഞമ്മിണീസ് ഹോസ്പിറ്റൽ‘ എന്ന ചിത്രത്തിനു ശേഷം സനൽ വി ദേവൻ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അജയ് ഡേവിഡ് കാച്ചപ്പിള്ളി നിർവഹിക്കുന്നു.മനു സി കുമാർ തിരക്കഥ സംഭാഷണമെഴുതുന്നു.കഥ ജിത്തു കെ ജയൻ, മനു സി കുമാർ,സംഗീതം രാഹുൽ രാജ്,എഡിറ്റർമൻസൂർ മുത്തുട്ടി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ രാജാസിംഗ്,കൃഷ്ണമാർ,ലൈൻ പ്രൊഡ്യൂസർആര്യൻ സന്തോഷ്,ആർട്ട്സുനിൽ കെ ജോർജ്ജ്,വസ്ത്രാലങ്കാരം നിസാർ റഹമത്ത്,മേക്കപ്പ് റോണക്സ് സേവ്യർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ സ്യമന്തക് പ്രദീപ്,അസോസിയേറ്റ് ഡയറക്ടർപ്രേം പുതുപ്പള്ളി,പ്രൊഡക്ഷൻ കൺട്രോളർപോലോസ് കുറുമറ്റം,ബിനു മുരളി,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്അഭിലാഷ് പൈങ്ങോട്, സ്റ്റിൽസ്നവീൻ മുരളി ഡിസൈൻഓൾഡ് മോങ്ക്സ്,പി ആർ ഒഎ എസ് ദിനേശ്.

# സമാധാന പുസ്തകം




യോഹാൻ,നെബീഷ്, ധനുഷ്,ഇർഫാൻ, ശ്രീ ലക്ഷ്മി,ട്രിനിറ്റി തുടങ്ങി നിരവധി പുതുമുഖ താരങ്ങളെ പ്രധാന കഥാപാത്രങ്ങളാക്കി രവീഷ് നാഥ് സംവിധാനം ചെയ്യുന്ന ‘ സമാധാന പുസ്തകം ‘ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.സിഗ്മ സ്റ്റോറീസിന്റെ ബാനറിൽ നിസാർ മംഗലശ്ശേരിനിർമ്മിക്കുന്നഈ ചിത്രത്തിൽ പുതുമുഖ താരങ്ങൾക്കൊപ്പം സിജു വിൽസൻ,ജെയിംസ് ഏലിയ,മാത്യു തോമസ്, മേഘനാഥൻ,വി കെ ശ്രീരാമൻ,പ്രമോദ് വെളിയനാട്,ദിലീപ് മേനോൻ,ലിയോണ ലിഷോയ്,വീണാ നായർ തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു. ജോ & ജോ, 18 പ്ലസ് എന്നീ ചിത്രങ്ങളുടെ കോ റൈറ്റർ ആയ രവീഷ് നാഥാണ് ഈ ചിത്രത്തിന്റെ സംവിധായകൻ. കഥ തിരക്കഥ സംഭാഷണം എഡിജെ,രവീഷ് നാഥ്, സി പി ശിവൻ, ഛായാഗ്രഹണംസതീഷ് കുറുപ്പ്, ഗാനരചനസന്തോഷ് വർമ്മ,ജിസ് ജോയി, ടിറ്റോ പി തങ്കച്ചൻ,സംഗീതം ഫോർ മ്യൂസിക്സ് എഡിറ്റിംഗ് ചമൻ ചാക്കോ, പ്രൊഡക്ഷൻ കൺട്രോളർ ഷാഫി ചെമ്മാട്,ആർട്ട് ഡയറക്ടർ വിനോദ് പട്ടണക്കാടൻ,മേക്കപ്പ് വിപിൻ ഓമശ്ശേരി,കോസ്റ്റ്യൂംസ് ആദിത്യ നാണു,ചീഫ് അസോസിയേറ്റ് ഡയറക്ടർ റജിവാൻ അബ്ദുൽ ബഷീർ, അസോസിയേറ്റ് ഡയറക്ടർ റെനീത്, സക്കീർ ഹുസൈൻ,റനിത് രാജ്,ഡി ഐ ലിജു പ്രഭാകർ,വിഎഫ്എക്സ് മാഗ്മിത്, ടൈറ്റിൽ ആനിമേഷൻ നിതീഷ് ഗോപൻ,ഓഡിയോഗ്രാഫി തപസ് നായ്ക്, സ്റ്റിൽസ് സിനറ്റ് സേവ്യർ,പരസ്യകല യെല്ലോ ടൂത്ത്,ഡിസ്ട്രിബ്യൂഷൻ ഹെഡ് പ്രദീപ് മേനോൻ,ജൂലൈ പത്തൊമ്പതിന് ‘സമാധാന പുസ്തകം‘പ്രദർശനത്തിനെത്തുന്നു.പി ആർ ഒഎ എസ് ദിനേശ്.

# സംഭവസ്ഥലത്ത് നിന്നും




സിൻസീർ,ഡയാന ഹമീദ്,എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സിന്റോ ഡേവിഡ് സംവിധാനം ചെയ്യുന്ന സിനിമയാണ് ‘സംഭവസ്ഥലത്ത് നിന്നും”. പ്രമോദ് പടിയത്ത് ലാൽജോസ്, സുധീർ കരമന, അജിത് കൂത്താട്ടുകുളം, ശിവജി ഗുരുവായൂർ, സുനിൽ സുഗത, ക്രിസ് വേണുഗോപാൽ, ശശാങ്കൻ, ജോജൻ കാഞ്ഞാണി, നന്ദകിഷോർ, അശ്വതി ശ്രീകാന്ത്, മൃൺമയി എ മൃദുൽ, രേഷ്മ ആർ നായർ, ഷിബു ലാസർ, അഖിലേഷ് തയ്യൂർ, സരീഷ് പുളിഞ്ചേരി, രവി എളവള്ളി, അശോക് കുമാർ പെരിങ്ങോട്, ബെൻസൺ, പ്രശാന്ത്, എലിസബത്ത്, ശ്രുതി സുവർണ്ണ, സിൻസി ഷാജൻ, മാളു ഗുരുവായൂർ, ഹിൽഡ, തുടങ്ങിയ അഭിനേതാക്കൾക്കൊപ്പം, മാധ്യമ പ്രവർത്തകരായ ഹാഷ്മി താജ് ഇബ്രാഹിം , ക്രിസ്റ്റീന ചെറിയാൻ തുടങ്ങിയവരും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.ഇന്ത്യ സ്നേഹം പ്രൊഡക്ഷൻസിന്റെ ബാനറിൽ ബിജോ തട്ടിൽ, ജോയ്, കാഞ്ഞിരത്തിങ്കൽ ജോസ്, പീറ്റർ വർഗീസ്, ജോമോൻ ജോസ് എന്നിവർ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അനീഷ് അർജുനൻ നിർവ്വഹിക്കുന്നു.

സഞ്ജു എളവള്ളി, അഖിലേഷ് തയ്യൂർ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.സരീഷ് പുളിഞ്ചേരി,അഖിലേഷ് തയ്യൂർ,ജോമോൻ ജോസ്, എന്നിവരുടെ വരികൾക്ക് ജിനു വിജയൻ,അജയ് ജോസഫ്,പീറ്റർ വർഗീസ്, ഡെൻസിൽ എം വിൽസൺ എന്നിവർ സംഗീതം പകരുന്നു.മധു ബാലകൃഷ്ണൻ,ചിത്ര അരുൺ,അരവിന്ദ് നായർ,സരീഷ് പുളിഞ്ചേരി,പ്രമോദ് പടിയത്ത്,അഖിലേഷ് തയ്യൂർ എന്നിവരാണ് ഗായകർ.പശ്ചാത്തലസംഗീതംജിനു വിജയൻ,കലജെയ്സൺ ഗുരുവായൂർ,ചമയം സുന്ദരൻ ചെട്ടിപ്പടി,പി ആർ ഒ എ എസ് ദിനേശ്

# ’ ഈ ബന്ധം സൂപ്പറാ ’




വിദ്യാർത്ഥികളായ അബിൻ ജോസഫ്, ദേവിക രാജ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിനവാഗതനായ എൻ.രാമചന്ദ്രൻ നായർ കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് ‘ ഈ ബന്ധം സൂപ്പറാ...‘.മേജർ രവി,കോഴിക്കോട് നാരായണൻ നായർ, കുട്ട്യേടത്തി വിലാസിനി,

ദീപക് ധർമ്മടം,പ്രകാശ് പയ്യാനക്കൽ, എൻ.രാമചന്ദ്രൻ നായർ,രമ്യാ കൃഷ്ണൻ, അഞ്ജു കൃഷ്ണ,ബാല താരങ്ങളായ ശ്രീലക്ഷ്മി,ബേബി ഗൗരി,ബേബി ആദ്യ രഞ്ജിത്ത് തുടങ്ങിയവരോടൊപ്പംമറ്റു കുട്ടികളും അദ്ധ്യാപകരും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.വൃദ്ധരായ മാതാപിതാക്കളെ വൃദ്ധസദനത്തിൽ തള്ളുന്ന മക്കളുടെ ഈ കാലഘട്ടത്തിൽ, വൃദ്ധസദനത്തിൽ നിന്നും അന്തേവാസികളായ ഒരു അച്ഛനെയും, അമ്മയെയും ദത്തെടുക്കുന്ന രണ്ട് സ്കൂൾ വിദ്യാർത്ഥികളും അവർക്ക് നിയമ സംരക്ഷണം നൽകുന്നതിന് ശ്രമിക്കുന്ന അദ്ധ്യാപകരുടെയും, രക്ഷാകർത്തൃ സമിതിയുടെയും കഥ ഹൃദയസ്പർശിയായി ദൃശ്യവൽക്കരിക്കുന്ന ചിത്രമാണ് ‘ഈ ബന്ധം സൂപ്പറാ.‘കുട്ടികൾക്ക് സിനിമയോടുള്ള അഭിനയചാതുര്യം പരിപോഷിപ്പിക്കുന്നതിന് വേണ്ടി സ്കൂൾ മാനേജ്മെൻറും, അദ്ധ്യാപകരും, രക്ഷാകർത്താക്കളും ചേർന്ന് ലിറ്റിൽ ഡാഫോദിൽസ് പ്രൊഡക്ഷൻസിന്റെ ബാനറിൽ നിർമിക്കുന്ന ചിത്രമാണിത്.

എക്സിക്യുട്ടീവ് പ്രൊഡ്യൂസർ കെ.ടി.മുരളീധരൻ, തിരക്കഥ വി.ഉണ്ണിക്കൃഷ്ണൻ,ഛായാഗ്രഹണം അദ്വൈത്,അനുരാജ്, തസ്ലിമുജീബ്,ഗാനരചനഷാബി പനങ്ങാട്, സംഗീതംസാജൻ കെ റാം,ആലാപനംചെങ്ങന്നൂർ ശ്രീകുമാർ, കൊല്ലം അഭിജിത്ത്, കീർത്തന കോഴിക്കോട്, പശ്ചാത്തല സംഗീതം എ എഫ് മ്യൂസിക്കൽസ്,എഡിറ്റിംഗ് തസ്ലിമുജീബ്,പ്രൊഡക്ഷൻ കൺട്രോളർ ടി പി സി വളയന്നൂർ,കോസ്റ്റ്യൂംസ് ലിജി, ചമയംഅശ്വതി, ജോൺ,ശാരദ പാലത്ത്, രഞ്ജിത്ത് രവി, വിഎഫക്സ് സവാദ്, അസിസ്റ്റന്റ് ഡയറക്ടർ മൃദു മോഹൻ,കൊറിയോഗ്രാഫി ലിജി അരുൺകുമാർ, ബാലു പുഴക്കര.

കോഴിക്കോട് പരിസര പ്രദേശങ്ങളിലുമായി ചിത്രീകരണം പൂർത്തിയായ ‘ ഈ ബന്ധം സൂപ്പറാ...‘റിലീസിനൊരുങ്ങുന്നു.പി ആർ ഒഎ എസ് ദിനേശ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇൻസ്പയർ സീരീസ് പ്രഭാഷണ പരമ്പരയുമായി കെഎംഎ




**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) ഇൻസ്പയർ സീരീസ് പ്രഭാഷണ പരമ്പര ആരംഭിച്ചു. പരമ്പരയുടെ ഉദ്ഘാടനം നെസ്റ്റ് ഗ്രൂപ്പ് സോഫ്റ്റ്‌വെയർ ബിസിനസ് എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ നസ്നീൻ ജഹാംഗീർ നിർവഹിച്ചു. ദീർഘകാല പ്രവർത്തന പരിചയമുള്ള കെഎം എയുടെ ചരിത്രത്തിലെ ഒരു പുതിയ അധ്യായമാണ് ഇൻസ്പയർസീരീസെന്ന് നസ്നീൻ ജഹാംഗീർ ചൂണ്ടിക്കാട്ടി. ബിസിനസ്, മാനേജ്മെന്റ് രംഗത്തെ പുതുതലമുറയെ ശാക്തീകരിക്കാൻ ഇൻസ്പയർ സീരീസ് സഹായകരമാകുമെന്നും അവർ പറഞ്ഞു. നവീകരണം എങ്ങനെ സാധ്യമാക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് ഭാവിയും രൂപപ്പെടുക. വെല്ലുവിളികൾ നേരിടാനും അതിജീവിക്കാനും ചടുലമായ ചുവടുകൾ അനിവാര്യമാണെന്നും നസ്നീൻ പറഞ്ഞു. തുടർന്ന്, ആദ്യ സെഷനിൽ ബിൽഡിങ്ങ് ആൻ ഓഫ്‌ലൈൻ ബ്രാൻഡ് ഇൻ ടുഡേയ്സ് ഓൺലൈൻ വേൾഡ് എന്ന വിഷയത്തിൽ ഹീൽ സ്ഥാപകനും ഉടമയുമായ രാഹുൽ മാമ്മൻ പ്രഭാഷണം നടത്തി. ഏത് മേഖലയായാലും ബുദ്ധിപരമായ തീരുമാനങ്ങൾ എടുക്കുന്നതും ശരിയായ ചുവട് വെയ്ക്കുന്നതുമാണ് വിജയത്തിലേക്കുള്ള ആദ്യ ചവിട്ടുപടിയെന്ന് രാഹുൽ പറഞ്ഞു. ബിസിനസ് രംഗത്ത് വിപണിസാധ്യത മനസിലാക്കാതെ ഒരു തീരുമാനവും എടുക്കരുത്. ശക്തമായ വിപണി മത്സരത്തിൽ പിടിച്ചുനിൽക്കാനുള്ള വ്യക്തമായ പഠനവും ആക്ഷൻ പ്ലാനും ഉണ്ടാകണം. ബ്രാൻഡ് നെയിം എത്തിക്കാൻ കഴിഞ്ഞതും ഗുണമേന്മ ഉറപ്പാക്കാൻ കഴിഞ്ഞതുമാണ് ഹീലിന്റെ വിജയം. കേരള ബ്ലാസ്റ്റേഴ്സിനെ സ്പോൺസർ ചെയ്യാനുള്ള തീരുമാനം ശരിയായിരുന്നുവെന്ന് പിന്നീട് തെളിഞ്ഞു. ഓഫ്‌ലൈൻ ബ്രാൻഡ് കെട്ടിപ്പടുക്കാൻ വിതരണശൃംഖല കാര്യക്ഷമമാക്കിയാൽ മതി. എന്നാൽ ഉപഭോക്താക്കളുമായും എളുപ്പം ആശയവിനിമയം നടത്താൻ കഴിയുമെന്നതിൽനാൽ മാർക്കറ്റിങ് ഓൺലൈൻ മാർക്കറ്റിങ്ങിനു അനിവാര്യമാണ്. ബ്രാൻഡിന് വിശ്വാസ്യത ഉണ്ടാക്കിയെടുക്കുക എന്നത് ഏറ്റവും പ്രധാനമാണെന്നും രാഹുൽ മാമ്മൻ പറഞ്ഞു. കെഎംഎ പ്രസിഡന്റ് ബിബു പുന്നൂരാൻ, ഓണററി സെക്രട്ടറി ഡോ. അനിൽ ജോസഫ്, വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് എന്നിവർ പ്രസംഗിച്ചു.

# ദുരന്തനിവാരണ വിദഗ്ധരെ സൃഷ്ടിക്കാൻ സർക്കാർ

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ റവന്യൂ വകുപ്പ് പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ ദുരന്തനിവാരണത്തിൽ ദ്വിവത്സര എം ബി എ കോഴ്സ് നടത്തുന്നു. 2023 ൽ ആരംഭിച്ച പ്രോഗ്രാമിന്റെ രണ്ടാമത്തെ ബാച്ചിന്റെ അഡ്മിഷൻ ആണ് ആരംഭിക്കുന്നത്. അന്താരാഷ്ട്ര തലങ്ങളിൽ തൊഴിൽ സാധ്യതകൾ എങ്ങനെ കണ്ടെത്തി വിനിയോഗിക്കാം എന്ന് പുതുതലമുറയെ പരിശീലിപ്പിക്കാനുള്ള ഉദ്യമമാണ് സർക്കാർ നടത്തുന്നത്. അമേരിക്കൻഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി അമേരിക്കയിൽ നിന്നുള്ള അധ്യാപകർ എത്തിയാണ് കോഴ്സ് നടത്തുന്നത്. കേന്ദ്രസർക്കാരിന്റെ വയർലെസ് ലൈസൻസ്, പ്രഥമ ശുശ്രൂഷയിൽ അന്താരാഷ്ട്ര സർട്ടിഫിക്കറ്റ്, ജോഗ്രഫിക്കൽ ഇൻഫർമേഷൻസിസ്റ്റം, അഡ്വഞ്ചർ അക്കാദമിയുമായി സഹകരിച്ചുള്ള കോഴ്സുകൾ, ഇംഗ്ലീഷ് പരിജ്ഞാനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവയെല്ലാം ആണ് ആഡ് ഓൺ പ്രോഗ്രാമുകളായി ഇതോടൊപ്പം നടത്തിവരുന്നത്. എല്ലാ മാസവും സംസ്ഥാനത്തെ ഉയർന്ന ഐഎഎസ് ഉദ്യോഗസ്ഥർ ക്ലാസുകൾ എടുക്കും. എല്ലാ മാസവും മൂന്നാം ശനിയാഴ്ച ഒരു ദുരന്തമേഖലയിലേക്കുള്ള പഠനയാത്ര നടത്തും. ദുരന്തനിവാരണ മേഖലയിൽ പ്രവർത്തിക്കുന്ന ദേശീയ അന്തർദേശീയ തലങ്ങളിൽ വിദഗ്ധർ വിദ്യാർഥികളുമായി തുടർച്ചയായി സമ്പർക്കത്തിൽ വരുന്നു. റവന്യൂ വകുപ്പ് മന്ത്രി ചെയർമാനായ ഗവേണിംഗ് ബോഡിയാണ് കോഴ്സിന്റെ ഏകോപനം. ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന കോഴ്സിൽ എല്ലാ സെമസ്റ്ററിലും, ഒരാഴ്ച നീണ്ടുനിൽക്കുന്ന ദേശീയ അന്തർദേശീയ പഠനയാത്രകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആണവ സുരക്ഷ, രാസ സുരക്ഷ, തീരദേശ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ സവിശേഷ പഠന അവസരങ്ങളും ഒരുക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ എ ഐ സിടി ഇ അംഗീകൃത ദുരന്തനിവാരണ എംബിഎ കോഴ്സാണിത്. NAAC A++ റാങ്കുള്ള കേരള യൂണിവേഴ്സിറ്റിയാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നത്. താൽപര്യമുള്ള വിദ്യാർഥികൾക്ക് കോഴ്സിന് അപേക്ഷിക്കാം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2024 ജൂലൈ 8. കൂടുതൽ വിവരങ്ങൾക്ക് https:/ildm.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. Email: ildm.revenue@gmail.com, ഫോൺ: 8547610005, whatsaap: 8547610006

# പുതിയ ശേഖരവുമായി പ്ലാറ്റിനം ലവ് ബാൻഡ്



**കൊച്ചി :** ഈ വേനൽ കാലത്ത് പ്ലാറ്റിനം ലവ് ബാൻഡ് പ്രത്യേക പ്ലാറ്റിനം കളക്ഷനുമായി വിപണിയൽ . പരമ്പരാഗത ഡിസൈനുകളുടെ ആധുനിക പതിപ്പുകൾ,സ്ത്രീകൾക്കും പുരുഷന്മാർക്കു മായി തയ്യാറാക്കിയ പ്രത്യേക കളക്ഷനുകൾ എന്നിവ ലഭ്യമാകും. പ്രത്യേകതരം പെൻഡന്റു കൾ, ചെകൾ കമ്മലുകൾ, നെലേസുകൾ തുടങ്ങി ദാമ്പതി കൾക്കായി തയ്യാറാക്കിയിരിക്കു ന്ന പ്ലാറ്റിനം ലവ് ബ്രാൻഡ് ക്ലാ സ്സി ചെകൾ, ബസ്ലെറ്റുകൾ എ ന്നിവയും റീടൈൽ പാർട്ണർ സ്റ്റോറുകളിലൂടെ ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# കോർപ്പറേറ്റ് ഏജൻറ് ലൈസൻസ് സ്വന്തമാക്കി മുത്തൂറ്റ് മൈക്രോഫിൻ

**കൊച്ചി:** ഇൻഷുറൻസ് റെഗുലേറ്ററി ആൻറ് ഡവലപ്മെൻറ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (ഐആർഡിഎഐ) കോർപ്പറേറ്റ് ഏജൻറ് ലൈസൻസ് കരസ്ഥമാക്കി രാജ്യത്തെ പ്രമുഖ മൈക്രോ ഫിനാൻസ് സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ. ഇതിലൂടെ ഉപഭോക്താക്കൾക്ക് അനുയോജ്യമായ പദ്ധതികൾ ലഭ്യമാക്കാൻ സാധിക്കും.സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് ഉൾപ്പടെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന മുത്തൂറ്റ് മൈക്രോഫിന്നിൻറെ പ്രതിബദ്ധതയെ ഈ ലൈസൻസ് ശക്തിപ്പെടുത്തും. ലൈഫ് ഇൻഷുറൻസിന് പുറമെ പ്രകൃതി ദുരന്തങ്ങൾക്കും ആശുപത്രി അത്യാഹിതങ്ങൾക്കും പരിരക്ഷ നൽകുന്നതോടെ ഉപഭോക്താക്കളുടെ സാമ്പത്തിക സുരക്ഷിതത്വം കൂടിയാണ് ഇതിലൂടെ ഉറപ്പാകുന്നത്. രാജ്യത്തെ 3.35 ദശലക്ഷം ഉപഭോക്താക്കൾക്കാണ് ഈ സേവനം ലഭിക്കുന്നത്.ലൈസൻസ് ലഭിച്ചതോടെ വിവിധ ഇൻഷുറൻസ് ദാതാക്കളുമായി ചർച്ച നടത്താനും രാജ്യത്തുടനീളമുള്ള ഉപഭോക്താക്കളുടെ ആവശ്യമനുസരിച്ച് വ്യക്തിഗത പദ്ധതികൾ ലഭ്യമാക്കാനും മുത്തൂറ്റ് മൈക്രോ ഫിന്നിന് സാധിക്കും.തങ്ങളുടെ ഉപഭോക്താക്കൾക്ക് മികച്ച സേവനം ലഭ്യമാക്കാനായി അനുദിനം പുതിയ വഴികൾ തേടുകയാണെന്നും ഐആർഡിഎഐയുമായുള്ള സഹകരണം ഉപഭോക്താക്കൾക്ക് കൂടുതൽ അവസരങ്ങൾ നൽകുമെന്നും അധിക ചെലവുകളില്ലാതെ 19 സംസ്ഥാനങ്ങളിലായുള്ള 1,508 ശാഖകളിലൂടെ 3.35 ദശലക്ഷം ഉപഭോക്താക്കൾക്ക് ഈ സേവനം ലഭിക്കുമെന്നും മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദാഫ് സയീദ് പറഞ്ഞു.ഇതോടെ ലൈഫ്, ആരോഗ്യം, ജനറൽ എന്നീ ഇൻഷുറൻസുകൾ കുറഞ്ഞ നിരക്കിൽ ലഭിക്കും. വൈവിധ്യ പദ്ധതികളിലൂടെ മുത്തൂറ്റ് മൈക്രോഫിൻ ഉപഭോക്താക്കളുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാനും എൻബിഎഫ്സിഎംഎഫ്ഐയുടെ സഹകരണത്തെ ശക്തിപ്പെടുത്താനും ഇതിലൂടെ സാധിക്കും.

PAPPACHAN
Muthoot
MICROFIN
A Muthoot Pappachan Group Company

# എപിഎൽ അപ്പോളോ 'റൂഫ് ടഫ്'

**ന്യൂഡൽഹി:** ഇന്ത്യയിലെ പ്രമുഖ ബ്രാൻഡഡ് സ്റ്റീൽ ട്യൂബ് നിർമ്മാതാക്കളായ എപിഎൽ അപ്പോളോ സ്റ്റീൽ ട്യൂബ്സ് ലിമിറ്റഡ്, ബോളിവുഡ് സൂപ്പർസ്റ്റാർ അക്ഷയ് കുമാർ നൂതന ഉൽപ്പന്നമായ റൂഫ് ടഫ് കളർ കോട്ടഡ് കോയിലുകൾ അവതരിപ്പിക്കുന്ന പുതിയ ടെലിവിഷൻ പരസ്യം പുറത്തിറക്കി. ക്രയോൺസുമായി സഹകരിച്ച് നിർമ്മിച്ച 60 സെക്കൻഡ് ദൈർഘ്യമുള്ള പരസ്യത്തിൽ, അക്ഷയ് കുമാർ 'ദി ടഫ് ഹീറോ' എന്ന റോൾ അവതരിപ്പിക്കുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വിസ്മയമായി ദുബായ് പൈതൃക സ്മാരകങ്ങൾ

ദുബായ്: ആധുനികതയും സമൃദ്ധമായ ജീവിതശൈലിയും കൊ് ദുബായ് ലോകമെമ്പാടും ആഘോഷിക്കപ്പെടുന്നതോടൊപ്പം തന്നെ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും സമ്പന്നവും വൈവിധ്യപൂർണ്ണവുമായ ഒരു ചിത്രവും പ്രദാനം ചെയ്യുന്നു. സാംസ്കാരികവും ചരിത്രപരവുമായ നിരവധി നാഴികക്കല്ലുകളിലൂടെ എമിറേറ്റിന്റെ ചരിത്രപരമായ ഭൂതകാലത്തിലേക്ക് ആഴ്ന്നിറങ്ങാൻ സഹായിക്കുന്ന നിരവധി ചരിത്ര സ്മാരകങ്ങളും സാംസ്കാരിക കേന്ദ്രങ്ങളുമായി ദുബായ് സന്ദർശകർക്ക് വിസ്മയമൊരുക്കുന്നു. പുരാതന വ്യാപാര തുറമുഖങ്ങൾ മുതൽ ചടുലമായ പരമ്പരാഗത സൂക്കുകൾ വരെ, ദുബായുടെ ആകർഷകമായ പൈതൃകത്തിൽ മുഴുകാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഒരു ദൃശ്യ വിസ്മയമാണ് ദുബൈയിലെ പൈതൃക സ്മാരകങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും.ദുബായിയുടെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന അൽ ഫാഹിദി ഹിസ്റ്റോറിക് ഡിസ്ട്രിക്റ്റ് ചരിത്രത്തിന്റെ വിസ്മയിപ്പിക്കുന്ന സ്ഥലമാണ്. പരമ്പരാഗത കാറ്റാടി ഗോപുരങ്ങളും ആകർഷകമായ മുറ്റങ്ങളും കൊ് അലങ്കരിച്ച ഇടുങ്ങിയ പാതകളിലൂടെ ചുറ്റി നടന്നു എമിറാത്തികളും പഴയ ദുബായുടെ സത്ത സംരക്ഷിക്കുന്ന ഈ ജീവനുള്ള മ്യൂസിയം കാണാം. ചരിത്രപ്രസിദ്ധമായ അൽ ഫാഹിദി ഫോർട്ടിൽ സ്ഥിതി ചെയ്യുന്ന ദുബായ് മ്യൂസിയത്തിലെ രാവസ്തുക്കൾ, സംവേദനാത്മക പ്രദർശനങ്ങൾ, ശ്രദ്ധേയമായ ഡയോരാമകൾ എന്നിവ ഉൾക്കൊള്ളുന്ന ആകർഷകമായ പ്രദർശനങ്ങളിലൂടെ എമിറേറ്റിന്റെ കൗതുകകരമായ പൈതൃകം ആസ്വദിക്കാം.ഏറ്റവും പ്രശസ്തമായ ലാൻഡ്മാർക്കുകളിൽ ഒന്നായ ജുമൈറ മസ്ജിദ് ഇസ്ലാമിക സംസ്കാരം മനസ്സിലാക്കാൻ താൽപ്പര്യമുള്ളവർ തീർച്ചയായും സന്ദർശിക്കേ ഒന്നാണ്.നഗരത്തിന്റെ ചരിത്രഹൃദയമായ ദുബായ് ക്രീക്ക് പഴയതും പുതിയതുമായ സവിശേഷമായ ഒരു മിശ്രിതം അവതരിപ്പിക്കുന്നു.



ക്രീക്കിനോട് ചേർന്നുള്ള അൽ സീഫ് പ്രദേശം പരമ്പരാഗത വാസ്തുവിദ്യയും തിരക്കേറിയ സൂക്കുകളും സമകാലിക റെസ്റ്റോറന്റുകളും ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്നു.എമിറാത്തി പാചകരീതിയുടെ ആധികാരിക രുചിക്കായി, അൽ ഫനാർ റെസ്റ്റോറന്റും കഫേയും ഒരു ഗൃഹാതുരമായ ഡൈനിംഗ് അനുഭവം പ്രദാനം ചെയ്യുന്നു. 1960കളിലെ ദുബായെ അനുസ്മരിപ്പിക്കുന്ന അലങ്കാരങ്ങളോടെ, വിന്റേജ് ഫോട്ടോഗ്രാഫുകളും സ്മരണികകളും കൊ്, ഈ ഭക്ഷണശാലയിൽ പരമ്പരാഗത വിഭവങ്ങളായ മച്ച്ബൂസ്, ലുഖൈമത്ത് എന്നിവ വിളമ്പുന്നു. ഗോൾഡ് സൂക്കുകൾക്ക് പേരുകേട്ട ദുബായിലെ ഗോൾഡ് സൂക്കിലേക്കുള്ള സന്ദർശനം നഗരത്തിന്റെ വ്യാപാര പൈതൃകത്തിൽ താൽപ്പര്യമുള്ള ആർക്കും ഒഴിച്ചുകൂടാനാവാത്തതാണ്. ദുബായ് ക്രീക്കിന്റെ ദെയ്റയുടെ വശത്തായി സ്ഥിതി ചെയ്യുന്ന സൂക്കിൽ സന്ദർശകർക്ക് സങ്കീർണ്ണമായ സ്വർണ്ണാഭരണങ്ങൾ, വജ്രങ്ങൾ, വിലയേറിയ കല്ലുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന കടകൾ സന്ദർശിക്കാം. സൂക്കുകൾ ഒരു ആഗോള വ്യാപാര കേന്ദ്രമെന്ന നിലയിൽ ദുബായിയുടെ പദവി പ്രദർശിപ്പിക്കുക മാത്രമല്ല, നഗരത്തിന്റെ സംരംഭകത്വ മനോഭാവവും സമ്പന്നമായ വ്യാപാര ചരിത്രവും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

# ബ്ലാസ്റ്റേഴ്സിന്റെ ഗോൾവല കാക്കാൻ നോറ ഫെർണാസും



**കൊച്ചി:** സോം കുമാറിനു പിന്നാലെ കേരള ബ്ലാസ്റ്റേഴ്സിന്റെ ഗോൾകീപ്പറായി നോറ ഫെർണാസിനെയും ടീമിലെത്തിച്ച് കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി. സോം കുമാറിന് ശേഷം ക്ലബ് ഈ ട്രാൻസ്ഫർ വിൻഡോയിൽ ഒപ്പു വെക്കുന്ന രാമത്തെ ഗോൾകീപ്പർ കൂടിയാണ് നോറ. നോറയുടെ വരവ് സച്ചിൻ സുരേഷും ഉൾപ്പെടുന്ന ടീമിന്റെ ഗോൾകീപ്പിംഗ് നിരയെ കൂടുതൽ ശക്തമാക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. മൂന്നു വർഷത്തെ കരാറാണ് നോറയുമായി ബ്ലാസ്റ്റേഴ്സ് ഒപ്പു വെച്ചിരിക്കുന്നത്.ഗോവയിൽ ജനിച്ച നോറ സാൽഗോക്കർ എഫ്സിയുടെ അർ 18 ടീമിലൂടെയാണ് തന്റെ പ്രൊഫഷണൽ കരിയർ ആരംഭിച്ചത്. 2020ൽ ചർച്ചിൽ ബ്രദേഴ്സിലേക്ക് ചേക്കേറുന്നതിനു മുമ്പ് ഡ18 ഐലീഗിലും ഗോവ പ്രൊഫഷണൽ ലീഗിലും നോറ സാൽഗോക്കറിന് വേി കളിച്ചിട്ടു്. 2020 നും 2023 നും ഇടയിൽ, നോറ ഐ ലീഗിലും സൂപ്പർ കപ്പിലുമായി ചർച്ചിൽ ബ്രദേഴ്സിനായി 12 മത്സരങ്ങൾ കളിച്ചിട്ടു് . ഒടുവിൽ 2023/24 ഐലീഗ് സീസണിൽ ആദ്യ ചോയ്സ് ഗോൾകീപ്പറായി ഐസ്വാൾ എഫ്സി അദ്ദേഹത്തിന് അവസരം നൽകി. ആ സീസണിൽ നോറ അവർക്കായി 17 മത്സരങ്ങൾ കളിച്ചു. പെനാൽറ്റി ഏരിയയിലെ ആധിപത്യം, പന്തുകൾ തടുക്കാനുള്ള കഴിവുകൾ എന്നിവ നോറയുടെ പ്രത്യേകതയാണ്. സീസണിനായി തായ്‌ലൻഡിൽ ജൂലൈ മൂന്നു മുതൽ ആരംഭിക്കുന്ന പ്രീസീസൺ തയ്യാറെടുപ്പുകൾക്കായി നോറ ടീമിനൊപ്പം ചേരും.നോറയുടെ സൈനിങ്ങ് അദ്ദേഹത്തിന്റെ സ്ഥിരതയുള്ള പ്രകടനങ്ങൾ, സ്വാഭാവികമായ കഴിവ്, ഗോളിന് മുന്നിലുള്ള കമാൻഡിംഗ്, ഫിസിക്ക് എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് സ്പോർട്ടിങ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു. ഗോൾകീപ്പിങ് വിഭാഗം ശക്തിപ്പെടുത്തുക എന്നത് വലിയ ലക്ഷ്യമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.കേരള ബ്ലാസ്റ്റേഴ്സ് എഫ്സി പോലുള്ള ക്ലബ്ബിൽ ചേരുന്നതിൽ അഭിമാനവും ആവേശവും ഉണ്ടെന്ന് നോറ ഫെർണാസ് പറഞ്ഞു. തന്റെ ആദ്യ ഐഎസ്എൽ സീസണിനായി കാത്തിരിക്കുകയാണെന്നും നോറ പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663